
# മയിൽപ്പീലി



## ഡിജിറ്റൽ മാഗസിൻ

**ഗവ:സംസ്ക‍ൃതം ഹയർ സെക്കണ്ടറി സ്ക്കൂൾ മേപ്പയിൽ,വടകര**

# എഡിറ്റോറിയൽ ബോർഡ്

**എഡിറ്റർ: ഷാനിബ.പി.പി**

**അംഗങ്ങൾ**

1.സകുൽചന്ദന.സി

2.അസ്ന  ബീവി.എം.വി

3.ഷിബില ഷെറിൻ

4.ഹണിമ.കെ.എം

5.അമയ ഇ.എം

6.ഫാത്തിമ നിസ.പി

7.ആദിത്യ.കെ

**രക്ഷാധികാരി:    ദയാകുമാരി.സി,ഹെഡ് മിസ്ട്രസ്സ്**

**ഉപദേശകസമിതി:**

**1.ഗിരീഷ് കുമാർ.സി.എച്ച്, കൈറ്റ് മാസ്റ്റർ**

**2.ബീന.കെ, കൈറ്റ്മിസ്ട്രസ്സ്**

# സന്ദേശം



**ദയാകുമാരി.സി**

**ഹെഡ് മിസ്ട്രസ്**

പ്രിയ വിദ്യാർഥികളെ , നിങ്ങളുടെ ഈ ഡിജിറ്റൽ മാഗസിൻ, വളരെ സുന്ദരമായിരിക്കുന്നു. ഈ മാഗസിൻ വായിക്കുമ്പോൾ വായനക്കാരന് അത്യപൂർവ്വമായ അനുഭൂതിയാണ് ലഭിക്കുന്നത് . നിങ്ങളുടെ കലാലയ ജീവിതത്തിൽ ഇങ്ങനെയൊരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ നിങ്ങൾക്ക് അഭിനന്ദനങ്ങൾ ,ഇനിയും കൂടുതൽ ഉയരങ്ങളിലേക്കെത്താൻ സാധിക്കട്ടെ എന്നാശംസിക്കുന്നു.......

# സന്ദേശം




**സുധ.പി**

**പ്രിൻസിപ്പാൾ**

വർത്തമാനകാലത്ത്, വായന മരിക്കുന്നു എന്ന മുറവിളി ഏറി വരികയാണ് . എന്നാൽ വായന ,ലോകത്താകമാനം ഇ- വായനയിലേക്ക് ചുവടുമാറ്റുന്നതും നാം കാണേണ്ടതുണ്ട് . അത്തരം സാങ്കേതിക വിദ്യകൾക്കും ഇന്ന് വലിയപ്രചാരം ലഭിച്ചിട്ടുണ്ട്. ഈയൊരു പശ്ചാത്തലത്തിലാണ് നമ്മുടെ പുതുതലമുറയിലെ കുട്ടികളുടെ സർഗാത്മകവും വൈഷ-ണികവുമായ സൃഷ്ടികളെ പ്രകാശിപ്പിക്കാനുള്ള ഒരു ഡിജിറ്റൽ മാഗസിൻ പ്രസക്തമാകുന്നത് . പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള കൈറ്റ്സ് കേരളയുടെനേതൃത്തിൽ നമ്മുടെ പൊതു വിദ്യാലയങ്ങളിലെ വിദ്യാർഥികളും ഡിജിറ്റൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നത്ഏറെ സന്തോഷകരമാണ് . ഗവ.സംസ്കൃതം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടുകാർ ഒരുക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

# സന്ദേശം



**പ്രേമൻ.വി.പി**

**പി.ടി.എ പ്രസിഡന്റ്**

ജീവിതത്തിന്റെ സമസ്ത മേഖലകളും അനുനിമിഷം മാറിക്കൊണ്ടിരിക്കുകയാണ്.ആ മാറ്റത്തിനനുസരിച്ച് വിവരസാങ്കേതികവിദ്യ സ്വായത്തമാക്കുക എന്നത് പുതുതലമുറയക്ക് അത്യാവിശ്യമാണ്. സ്വയത്തമാക്കിയ അറിവുകൾ എല്ലാ മേഖലകളിലും പ്രയോജനപ്പെടുത്താൻ കഴിയണം.കല്ലുകളിൽ കൊത്തിവെച്ച് നമ്മുടെ പൂർവ്വികർ തുടങ്ങിയ എഴുത്ത് പനയോലയിലും കടലാസുംപിന്നിട്ട് ഡിജിറ്റിൽ അക്ഷരങ്ങളിലാണ്ഇന്ന്എത്തിനിൽക്കുന്നത്. കുട്ടികളിലെസർഗാത്മകത തിരിച്ചറിഞ്ഞ് സ്വതന്ത്ര-മായ ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുകയാണ് ഈഡിജിറ്റൽമാഗസിനിലൂടെ....................................

# സന്ദേശം





**ഗിരീഷ് കുമാർ.സി.എച്ച്**

**കൈറ്റ് മാസ്റ്റർ**

**ബീന .കെ**

**കൈറ്റ് മിസ്ട്രസ്**

വിവരസാങ്കേതിക വിദ്യയുടെ വളർച്ച അതിവേഗത്തിലാണ് നടക്കുന്നത്.
ഈ വളർച്ച ഉൾക്കൊള്ളാൻ പാകത്തിൽ ഒരു വിദ്യാർത്ഥി സമൂഹം സജ്ജരാവേണ്ടതുണ്ട്. ഈ മഹത്തായ ദൗത്യം കേരളത്തിലെ ഒരോ വിദ്യാലയത്തിലെയും "ലിറ്റിൽ കൈറ്റ്"യൂണിറ്റിലെ കുട്ടികൾ ഏറ്റെടുത്ത് നടത്തുമ്പോൾആ കണ്ണിയിലെ എളിയഅംഗങ്ങളായിഞങ്ങളുംഅണിചേരുകയാണ്. ഡിജിറ്റൽമാഗസിൻ പ്രകാശനം എന്ന ദൗത്യം ഏ-റ്റെടുത്ത നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾ അവരുടെ സർഗ്ഗപരമായ കഴിവുകൾ ,ഭാവനകൾ ചിന്തകൾ ഇവയെല്ലാം ക്രോഡീകരിച്ച് വായനക്കാർക്ക് മുൻപിൻ സമർപ്പിക്കുകയാണ്.ഇത് .......................................
നിങ്ങളുടെതായിഏറ്റെടുക്കുമെന്നപ്രതീക്ഷയോടെ... .....

# ശീലങ്ങൾ

പാർവ്വതി.വി.പി- VIII .

ശീലങ്ങൾ ഉണ്ടായിരിക്കണം "ശീലിച്ചതേ പാലിക്കൂ"എന്നൊക്കെ മുതിർന്നവർ പറയാറുണ്ട് അത് നമ്മുക്ക് കേട്ടു പരിചയമുള്ള കാര്യമാണ്. നല്ലശീലത്തിൻെറകാര്യമാണ് മുതിർന്നവർ നമ്മോട് പറയാറുള്ളത്.കുട്ടിക്കാലത്ത് ഒരു നല്ല ശീലം നമ്മുക്കുണ്ടായാൽ അതെന്നും നമ്മുടെ ജീവിതത്തിലുണ്ടാകും-"ചൊട്ടയിലെ ശീലം ചുടലവരെ"എന്നാണല്ലോ. കുട്ടികൾ സ്വന്ത-മാക്കേണ്ട പല നല്ല ശീലങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനം അനുസരണ ശീലമാണെന്നാണ് എൻെറ അഭിപ്രായം.

വിദ്യാർത്ഥികൾക്ക് വായനാശീലം ഒഴിച്ചുകൂടാ-നാവാത്ത ഒന്നാണ്. വായിച്ചാൽ നമ്മുടെ മനസ്സ് വ-ളരും .വായിച്ചില്ലെങ്കിൽ വളയുമെന്നും വായിച്ചാൽ വി-ളയുമെന്നും പറയുംമ്പോൾ വായനയുടെ മഹത്വമാണ് നാം മനസ്സിലാക്കേണ്ടത്. വിനയശീലം വലിയവനും ചെറിയവനും ഒരുപോലെ ഉണ്ടാകെണ്ടേഒരുശീലമാണ്

പരിശ്രമശീലം,ക്ഷമാശീലം എന്നതുടങ്ങുന്ന നാം വളർത്തിയെടുക്കേണ്ട പല ശീലങ്ങളുമുണ്ട്.

ശീലങ്ങൾ ആരംഭിക്കാൻ എളുപ്പമാണ് എന്നുവലിയവർ പറയുന്ന നല്ല ശീലങ്ങളും ചീത്തശീലങ്ങളും എളുപ്പത്തിൽ സ്വന്തമാക്കാം.സ്വന്തമായാൽ പിന്നെ ശീലങ്ങളിൽനിന്ന് മാറി നിൽക്കാൻ എളുപ്പമല്ല.കള്ളംപറയുക,മോഷ്ടിക്കുക,പുക വലിക്കുക തുടങ്ങിയ ചീത്തശിലങ്ങൾ ഉള്ളവർ ആ ശീലങ്ങളിൽ തന്നെ അകപ്പെട്ടു പോകുന്നത് അതു കൊണ്ടാണ് ശീലങ്ങൾ എളുപ്പത്തിൽ അടിമകളാകും.അതുകൊണ്ട് നാമെപ്പോഴും നന്മകളുടെ അടിമകളായിരിക്കണം.ശീലങ്ങൾ മാറ്റിയെടുക്കാൻ വിഷമമാണ്.എന്നത് കൊണ്ട് ചീത്തശീലങ്ങളെ ഒരിക്കലും കൂടെ കൂട്ടരുത്.നല്ല ശീലങ്ങൾ നമ്മുടെ ജീവിതത്തിന് നേട്ടങ്ങളുണ്ടാക്കും.നമ്മെ അഭിമാനമുള്ളവരായി തീർക്കും. ................................................

# ആ ദിനങ്ങൾ

ശ്രേയ ജിതേഷ് . VIII

മഞ്ഞുപെയ്യുന്ന ആ രാവിൽ മരച്ചുവട്ടിൽ ഇരുന്നവൾ ഒന്നു പുഞ്ചിരിച്ചു. ഓർക്കാൻ പറ്റാത്ത ഇന്നലകളെ അവൾ മറന്നു തുടങ്ങി. ആ ദിനങ്ങൾ കവർന്നെടുത്തു പോയ പുഞ്ചിരി അവളിൽ കണ്ടപ്പോൾ കാറ്റുപോലും അവളെ തലോടി. ഇന്നവളുടെ മുഖം പ്രകാശത്താൽ നിറഞ്ഞിരിക്കുന്നു. എന്നും അവളുടെ കണ്ണിൽ ഭയംമാത്രം നിറഞ്ഞു നിന്നിരുന്നു. എന്തൊ അതും ഇന്ന് അവളിൽ നിന്നും മാഞ്ഞുപോയി.

മെല്ലെ അവൾ ആ മരത്തിൽ തലചായ്ച്ച് കിടന്നു. അപ്പോൾ വീശിയ ഇളം കാറ്റിൽ ഒരു കുഞ്ഞില

അവളുടെ മടിത്തട്ടിൽ വീണു . ആ ഇലയെ എടുത്ത് ഒന്നു തഴുകി. ശേഷം മഞ്ഞുതുള്ളികൾ വീണ് സുന്ദരമായ ആ ഇലയെ നോക്കി അവൾ കുറെ നേരം ഇരുന്നു.

പെട്ടന്ന് ആ മഠത്തിലെ കന്യാസ്ത്രീയുടെ വിളി വന്നു . അവൾ എന്തോ സ്വപ്നത്തിൽ നിന്നുണർന്നപോ-ലെ ഞെട്ടി. കന്യാസ്ത്രീയുടെ വിളി കേട്ടടുത്തേക്കവൾ ഓടി.എന്നിട്ട് പുഞ്ചിരിയാർന്ന മുഖത്തോടെ പറഞ്ഞു. "സിസ്റ്റർ ഇപ്പോഴെനിക്കാശ്വാസം തോന്നുന്നു".അവളുടെ നിറഞ്ഞ മുഖം ഒന്നു കണ്ടപ്പോൾ തന്നെ സിസ്റ്റർ 'ലിയ'ഒന്നു സന്തോഷിച്ചു . പെട്ടന്ന് അവിടേക്ക് ഒരാൾ കടന്നു വന്നു . ആ

നഗരത്തിലെ പ്രമുഖ വ്യവസായിയും വലിയ പണക്കാരനും വളരെ ദയയുള്ള മനുഷ്യനുമായ ജീൻജിയാനാണ് അത് . ആ മഠത്തിലേക്കും അവിടെയുള്ള കുട്ടികൾക്കും നല്ലൊരു തുക നല്കാനാണ് ജീൻ വന്നത് . സിസ്റ്ററിന്റെ അടുത്ത് കണ്ട കുട്ടിയായതിനാൽ ജീൻ അവളോടൊന്നു പുഞ്ചിരിച്ചു .എന്നാൽ അവൾ അവളുടെ മുഖം ഗൗരവമുള്ളതാക്കി.ജീൻ ഒരു മിഠായി നല്കി. എന്നാൽ അവൾ മുഖംതിരിച്ചോടി.

ലിയ അയാളെ അകത്തേക്ക് കൂട്ടികൊണ്ടുപോയി. മേശക്കടുത്തുള്ള കസേരയിൽ ഇരുത്തി നല്ലചൂടുസൂപ്പ് കൊടുത്തു.ഒരു സ്പൂൺ സൂപ്പുകുടിച്ചശേഷം അയാൾ ചോദിച്ചു."എന്താ ആ കുട്ടി

ഇങ്ങനെ?" "ഏത് കുട്ടിയുടെ കാര്യമാണ് നിങ്ങൾ പറയുന്നത്?" "ഇപ്പോൾ വരാന്തയിൽ കണ്ട കുട്ടി". "ഓ അതോ അവൾ പ്രയാഗ ." "അവളെന്താ മറ്റുകുട്ടികളിൽ നിന്നും ഇത്ര വ്യത്യസ്തം?" കന്യാസ്ത്രീ തുടരുന്നതിനിടയിൽ കയറി അയാൾ ആകാംഷയോടെ ചോദിച്ചു . "പറയാം ജീൻ . നിങ്ങൾ ധൃതി കാട്ടാതെ." അയാൾ വീണ്ടും ഒരു സ്പൂൺ സൂപ്പ് കുടിച്ച് സ്പൂൺ താഴെവച്ച് കൈകൾ തമ്മിൽ ഉരച്ചു . എന്നിട്ട് തുടർന്നു. "ശരി.നിങ്ങൾ പറയൂ. "

15 ദിവസം മുമ്പാണ് അവളെ ഞാൻ കൊണ്ടുവന്നത് . അന്ന് അവൾ തികച്ചും ആരോഗ്യ പരമായും, മാനസിക പരമായും നല്ല

അവസ്ഥയിലായിരുന്നില്ല.ഈ കഴിഞ്ഞ മൂന്ന് ദിവസം മുമ്പപാണ് അവൾ എന്നോട്അവളുടെകഥപറഞ്ഞത് . ഓർക്കാൻ മടിക്കുന്ന ഇടിമിന്നലോടിയ ആ രാത്രി, അതാണ് അവളുടെ കഥ അവളെ അവളല്ലാതാക്കിയത് കോരിച്ചൊരിയുന്ന ആ മഴയിൽ അവൾ ഓടി അകലുമ്പോൾ മനസ്സിൽ ആളിക്കത്തുന്ന തീയും എരിയുന്ന രണ്ട് ജീവനും മാത്രമാണ് .

മുത്തശ്ശനും മുത്തശ്ശിയുമാണ് അവൾക്കുള്ളത് . ചെറുപ്പം തൊട്ടേ അവൾക്കെല്ലാം അവരായിരുന്നു. അന്ന് ജൂൺ 20 ആണെന്നു തോന്നുന്നു. അവൾ സ്കൂളും വിട്ട് വീട്ടിൽ വരുമ്പോൾ കണ്ടകാഴ്ച വളരെ ദയനീയമായിരുന്നു. മഴയ്ക്ക് മുമ്പുള്ള

ആളിക്കത്തൽ . വീട്ടും മുത്തശ്ശനും മുത്തശ്ശിയും അഗ്നിയുടെ കോപത്തിൽ കത്തിജ്വലിക്കുന്നു . അവൾ കരഞ്ഞില്ല, അനങ്ങിയില്ല. രണ്ട് മണിക്കൂറോളം ശക്തിയെടുത്തവൾ കാലുകൾ അനക്കി. എങ്ങോട്ടെന്നില്ലാതെ ഓടി. ഇരുട്ടിന്റെ കൂർത്തകണ്ണുകൾ തുറിച്ചുനോക്കി. എന്നാൽ ആളിക്കത്തുന്ന തീ അതിനെയെല്ലാം വെന്തരിച്ചു. ഇടിയുടെ ശബ്ദം കാതുകളിൽ തുളഞ്ഞുകയറി. എന്നിട്ടും പരിഭ്രമിച്ചില്ല, ഭയന്നില്ല . ഓടി ഓടി എന്റെ കാൽകീഴിൽ വന്നുവീണു. അവളെയും വാരിയെടുത്തു ഞാൻ ഇവിടെ വന്നു."

സിസ്റ്റർ ലിയ പറഞ്ഞു നിർത്തി.പക്ഷെ ജീൻനിശബ്ദമായിരുന്നു.

മഴയും അഗ്നിയും ഒരുപോലെ അവളെ പേടിപ്പിച്ചു. "എന്തിനാണ് അവൾ ഇങ്ങനെ ചെയ്തത് ? പറയൂ സിസ്റ്റർ "." അറിയില്ല ജീൻ . ഒരു പക്ഷെ അതവളുടെ വിധിയായിരിക്കാം ." പ്രയാഗാ പ്രയാഗാ എന്നു രണ്ടു തവണ ജീൻ ആവർത്തിച്ചു. എന്നിട്ടു തുടർന്നു . "അവൾ എവിടെ ? എനിക്കൊന്നു കാണണം." "വരൂ ആ മരച്ചുവട്ടിൽ ഉണ്ടാകും." പുറത്തെത്തിയ ഉടനെ ലിയ അയാളോട്ടു പറഞ്ഞു. "അതാ അവൾ അവിടെയുണ്ട് . പോയിക്കോളൂ."എന്നാൽ ജീൻ അനങ്ങിയില്ല. "എന്താ? എന്തുപറ്റി?"സിസ്റ്റർ ലിയ തുടർന്നു . "വേണ്ട  അവളെ ഞാൻ പിന്നെ

കണ്ടോളാം . ഇപ്പോൾ അവൾ മറ്റൊരു ലോകത്താണ് . അവളുടെ ചുണ്ടിൽ വിടരുന്ന ആ പുഞ്ചിരി മായാതിരിക്കട്ടെ. വരൂ നമുക്ക് പോകാം . "ജീൻ സിസ്റ്ററെ അകത്തേക്കു വിളിച്ചു .

പ്രയാഗ വീണ്ടും മരച്ചുവട്ടിൽ ചാരിയിരുന്നു. മഞ്ഞു വീണു . സൂര്യന്റെ ഇളം ചൂട് . മരച്ചുവട്ടിലെ ആ ഇലയെടു - ത്തവൾ വീണ്ടും തഴുകാൻ തുടങ്ങി.

# കിളിത്തേങ്ങൽ

അസ്ന ബീവി.എം. വി  IX

നിള തൻ തീരത്ത് ഞാനേകനായ്
ഓർമതൻ ഒളങ്ങളിൽ നറുങ്ങ്
നോവുമായി  ഞാന-
ലയുമ്പോൾ  ഏതോ  കിളി-
തൻ  തേങ്ങൽ  കേട്ടു.
കരഞ്ഞു കണ്ണീർ വറ്റിയ കിളി
തൻ നേത്രങ്ങളിൽ  കണ്ടു
ഞാനാ ആ പാവത്തിൻ നൊമ്പരം
അമ്മ വേർപിരിഞ്ഞ
പിഞ്ചുകിളിയുടെ നൊമ്പരം ഞാന-
നറിവൂ , ഉന്നം പിഴച്ചെത്തി-
യോരമ്പിനാലാ മാതാവിൻ

കൈകളിൽ നിന്നൂർന്ന പോ-

യി പിഞ്ചു പൈതൽ..................

# യാത്ര

സകുൽ ചന്ദന.സി-IX

**അ**സ്തമയസൂര്യ രക്തവർണം

വ്യാപിച്ചിരുന്ന ആ സായാഹ്നത്തിൽ ബാല്യം വിട്ടുമാറാത്ത ആ ബാലിക എങ്ങോട്ടെന്നറിയാതെനടക്കുകയായിരുന്നു പെട്ടെന്ന് ഒരു ചാറ്റൽ മഴ അവിടമാകെ പരന്നു.'അസ്തമയസൂര്യൻ വിടപറയലിന്റെ കണ്ണീരാകാം ഈ മഴ'എന്തോ ആലോചനയിൽ നിന്ന് മഴയുടെ തണുത്ത സ്പർശനമേറ്റ് ഞെട്ടിയുണർന്നു അവൾ മനസിൽ കരുതി. വീണ്ടും അവൾ ആലോചനയിൽ തെന്നി വീണു

അവൾ , പ്രിയ,ഉദയഗിരി ഗവ;യു-പി സ്കൂൾ നാലാം ക്ളാസ് വിദ്യാർതിനി. ചെറുപ്പത്തിൽ തന്നെ അച്ഛനും അമ്മയും

നഷ്ടപ്പെട്ട അവൾക്ക് ആകെ ഉണ്ടായിരു-
ന്നത് അവളെ ജീവനുതുല്യം സ്നേഹിച്ചി-
രുന്ന ചേട്ടനായിരുന്നു. .അവളുടെ ചേട്ടൻ
അവളെ ഒരു ഡോക്ടർ ആക്കണമെന്ന്
അതിയായിആഗ്രഹിച്ചിരുന്നു..അതിനാ-
യി 15-പോലും തികയാത്ത അവളുടെ
ചേട്ടൻപലജോലികളും ചെയ്താണ്
അവളെപഠിപ്പിച്ചിരുന്നത്.

പ്രിയ നന്നായി പാട്ടു പാടുന്ന കു-
ട്ടിയായിരുന്നു.അവൾക്ക്പാട്ട് പഠിക്കണ-
മെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു
എന്നാൽ ചേട്ടന്റെ കഷ്ടപ്പാടുകൾ കണ്ട-
റിഞ്ഞു വളർന്ന അവൾക്ക് കഷ്ടപ്പാടിന്റെ
വേദനകൾ അറിയാമായിരുന്നു. അതു-
കൊണ്ട് തന്നെ അവൾ അവളുടെ ആ
ആഗ്രഹം ചേട്ടനോട് പറഞ്ഞില്ല.

അന്ന് .......ഒരു വെള്ളിയാഴ്ച

3)0 മത്തെ പിരീഡ് സ്കൂളിലെ മലയാളം ടീച്ചർ അവളുടെ ക്ളാസിൽ വന്നു പറഞ്ഞു." വരുന്ന തിങ്കളാഴ്ച ലളിത ഗാന മത്സരംനടക്കുകയാണ്അതിൽനിന്നുംതിരഞ്ഞെടുക്കുന്ന 3 കുട്ടികൾക്കസൌജന്യമായിപാട്ടുപഠിക്കാനഅവസരമുണ്ടായിരിക്കുന്നതാണ്."ഇത് കേട്ടപ്പോൾ അവൾ മനസ്സിൽ കരുതി " എനിക്ക് 3 പേരിൽ ഒരാളാകാൻ കഴിഞ്ഞാൽ എനിക്കും പാട്ടുപഠിക്കാൻ കഴിയും എന്റെ സ്വപ്നം സഫലമാകും."

അന്ന് വൈകുന്നേരം തൊട്ടുതന്നെ അവൾ പരിശീലനം തുടങ്ങി . അവധി-യായ ശനിയും ഞായറും അവൾ നിർ-ത്താതെ പരിശീലിച്ചു. തിങ്കളാഴ്ച അവൾ

അവളുടെ ചേട്ടന്റെ അനുഗ്രഹം വാങ്ങി സ്കൂളിലേക്ക് നടന്നു. മത്സരത്തിൽ അവൾ നന്നായി പാടി .അവൾ പാട്ടു പഠിക്കാൻ അവസരമുള്ള 3 പേരിൽ ഒരാളായി.അവളുടെ ജീവിത സ്വപ്നം യാഥാർത്ഥ്യമായി . വൈകുന്നേരം സ്കൂൾ വിട്ടയുടൻ തന്നെ അവൾവീട്ടിലേക്കോടി."ചേട്ടനോട് ഈ കാര്യം വേഗംതന്നെ അറിയിക്കണം.ചേട്ടന് വലിയ സന്തോഷമാകും." എന്നായിരുന്നു പോകുന്ന വഴിയിൽ അവളുടെ മനസ്സിൽ മുഴുവൻ.

പെട്ടെന്ന് കുളക്കരയിൽ ഒരു ആൾക്കൂട്ടത്തെ അവൾ കണ്ടു.അവൾ ആൾക്കൂട്ടം ലക്ഷ്യമാക്കി നടന്നു.

" അവിടെ എന്താണ് ? " തനിക്കു നേരെ

വരുന്ന ഒരാളോട്അവൾചോദിച്ചു.
"കുളത്തിൽ മുങ്ങിയ ഒരു കുട്ടിയെ രക്ഷിക്കാൻ ഒരുചെറുക്കൻകുളത്തിലെക്ക് ചാടിയതാ രണ്ട് പേരും മരിച്ചു 'പാവം."
സങ്കടത്തോടെയും സഹതാപത്തോടെ ആ മനുഷ്യൻ പറഞ്ഞു .ആരാണ് മരിച്ചതെന്നറിയാൻ മുന്നോട്ട് നടന്ന അവൾ ആദൃശ്യം കണ്ടതും പെട്ടെന്ന് അവിടെ നിന്നു അവളുടെ മുന്നിലതാ അവളുടെ ചേട്ടൻ ജീവനറ്റു കിടക്കുന്നു.സ്തംഭിച്ചു പോയ അവൾ എന്തു ചെയ്യുണമെന്നറിയാതെ മുന്നോട്ടേക്കു നടന്നു.അവളുടെ കണ്ണിൽ നിന്നുള്ള കണ്ണീർ അവളുടെ സുന്ദരമായ കവിളുകളുടെ ഭംഗി ഇല്ലാതാക്കി. അവളുടെ മനസ്സ് മരവിച്ചത് പോലെ അവൾക്ക്തോന്നി.മുന്നോട്ട് ഒരോ അടി

വെക്കുമ്പോഴും ചേട്ടാ... ചേട്ടാ... എന്ന്
മന്ത്രിച്ചിരുന്നു.
പെട്ടെന്ന് ഒരു ഹോൺ കേട്ട്
അവൾ ആലോചനയിൽ നിന്നുമുണർന്നു.
അവൾ ചുററും നോക്കി. സമയം സായാ-
ഹ്നം കഴിഞ്ഞ് രാത്രി ആയിരിക്കുന്നു.
അവിടെ ഇവിടെയായി തെരുവു
വിളക്കുകൾ പ്രകാശിച്ചിരിക്കുന്നു.അവൾ
ഇപ്പോൾനടുറോഡിലാണ് .അവളുടെ
പുറകിൽഒരു ഓട്ടോറിക്ഷ ഡ്രൈവർ
അവളെഒരുപാട്ശകാരിക്കുന്നുണ്ടായിരു
ന്നു.
ഒന്നും അവൾമിണ്ടാതെറോഡിന്റെ
അരികിലെക്ക മാറിനിന്നു .അവൾ
എവിടെയെത്തിയെന്നോ എങ്ങോ-
ട്ട് പോകണമെന്നോ ഒരു നിശ്ചയവും

ഇല്ലായിരുന്നു. എങ്കിലും അവൾ മുന്നോ-
ട്ട് പതിയെ നടന്നു. അപ്പോഴും അവളുടെ
ചുണ്ടുകൾ ചേട്ടാ....ചേട്ടാ....എന്ന്
മന്ത്രിക്കുന്നുണ്ടായിരുന്നു......................

# ബഹുമാനം

അമയ . ഇ.എം . IX

ബഹുമാനം എന്നത് ഏതൊരു മനുഷ്യ-
ന്റെയും അത്യാവശ്യഘടകമാണ് .
ഏതൊരു മനുഷ്യനെയും ബഹുമാനിക്കുക
എന്നത് ഒരു കടമയല്ല.മറിച്ച് ഉത്തരവാ-
ത്ത്വമാണ് .നമ്മൾ മുതിർന്ന ഏതൊരു
വ്യക്തിയെയും ബഹുമാനിക്കുക അത്
മതത്തിലോ വേഷത്തിലോ നോക്കിയല്ല
മറിച്ച്അയാളുടെ സ്വഭാവത്തെ ആസ്പദ-
മായിരിക്കണം.ഞാൻ ഈ വിഷയം
എടുക്കാൻ കാരണം എന്റെ ഒരു അനുഭ-
വമാണ് .ഞങ്ങളുടെ ക്ലാസിൽ
അധ്യാപിക വന്നപ്പോൾ എല്ലാ കുട്ടികളും
ടീച്ചറെ എഴുന്നേറ്റ്ബഹുമാനം നല്കി.

എന്നാൽ ഒരു കുട്ടി എഴുന്നേറ്റ് നിന്നില്ല . അത് ടീച്ചറെ അപമാനിക്കുന്നതിന് തുല്യമായിരിക്കും. ഒരു ടീച്ചറേയും ഒരു കുട്ടിയും അപമാനിക്കാതിരിക്കുക.ബഹുമാനത്തിലൂടെയാണ് മറ്റുള്ളവർ നിങ്ങളുടെ സ്വഭാവം മനസ്സിലാക്കുന്നത് . അത് എന്നും ഓർക്കുക. നമ്മൾ ഒരാളെ ബഹുമാനിക്കുന്നു എന്നാൽ അയാളെ വിശ്വസിക്കുന്നു. എന്നാൽ വിശ്വാസം നഷ്ടപ്പെട്ടാൽ നമ്മൾ എന്തുചെയ്യും? നമ്മൾ ആരെയും അമിതമായി സ്നേഹിക്കരുത് , വിശ്വസിക്കരുത് , ബഹുമാനിക്കരുത് . ബഹുമാനം വേണം. ഒരു കുട്ടിക്ക് എന്നാലേ ഒരു നല്ല വ്യക്തി എന്ന പേര് ലഭിക്കു . ബഹുമാനം അത് ജീവിതത്തിൽ ആവശ്യമായതും നമ്മളുടെ

സ്വഭാവം തെളിയിക്കുന്നതുമായ

ഒന്നാണ് .

# നവലോകം

വരേണ്യ . ഇ -VIII

കുതിച്ചു പായും അത്ഭുതലോകം

കുതിച്ചു പായും നമ്മുടെ ലോകം

വരവേറ്റീടാം അത്ഭുത ലോകം

ആർത്തുരസിക്കാം അത്ഭുതലോകം

നവലോകത്തെ കുട്ടികൾ ഞങ്ങൾ

നവലോകത്തെ നയിച്ചീടും

ഫാസ്റ്റ്ഫുഡും സ്മാർട്ട് ഫോണും

ബന്ധനമില്ലാ ലോകം തീർക്കും

കണ്ണും കാതും കൂർപ്പിച്ച്

പരിസരമൊന്നും അറിയാതെ

യാന്ത്രിക ലോകം തീർക്കുംഞങ്ങൾ

നവലോകത്തെ കുട്ടികൾ ഞങ്ങൾ

ഏതോ മായാലോകത്തങ്ങനെ

വിലസിനടക്കും കുട്ടികൾ ഞങ്ങൾ

ബോധം വരുമൊരു കാലത്ത്

ജീവിതമെന്തെന്നറിയാതെ ,

അട്ടഹസിച്ച് നടക്കുന്നു

ഉപദേശിക്കാനാളില്ലാതെ,

നേരെ നയിക്കാനാളില്ലതെ

വെള്ളച്ചുഴിയിൽ താഴുന്നു

നവലോകത്തെ കുട്ടികൾ ഞങ്ങൾ.

# അമ്മയെ കാത്ത്

**രമ്യ ചോലയിൽ**
**ലാബ് അസിസ്റ്റന്റ്**

ജന്മസാഫല്യം കൊതിച്ച ജനനീ
ന്നൂഷരഭൂവിൽ പെയ്തിറങ്ങിയ
പുതുമഴയിൽ പിറവിയെടുത്ത
നവ്യാങ്കുരങ്ങളിൽ പലതും
പാതിജന്മത്തിൻ നോവുമായി
മഞ്ഞ് പുതച്ചു മയങ്ങുണ്ടീ
ശൈത്യത്തിൽ താഴ്വരയിൽ
കരൾ പറിഞ്ഞൊരു നിലവിളിയുയ-
രുന്നുണ്ട് മനസ്സിന്നാഴങ്ങളിൽ
നീരാവിയായ് ചുട്ടുപൊള്ളിച്ച്
ചുടുനിണമായ് ഉറവയെടുക്കുന്നുണ്ട്

കണ്ണുകളിൽ

നൂറിൽ നൂറ്റുവരും പിറവിയെടുത്ത

ഗാന്ധാരീ സുതരുടെ  കഥകളുണ്ട്

തെരഞ്ഞെടുപ്പിൻ പരിമാണങ്ങളിൽ

ഇടം നഷ്ടമായ പാതിജന്മത്തിന്

പ്രതീക്ഷയായ്

അമ്മിഞ്ഞപ്പാലിൻ മാധുര്യം

നുകർന്ന്

താരാട്ടിനീണത്തിലലിയാൻ കൊ-

തിച്ച

കാതുകളിലലലയടിക്കുന്നുണ്ട് ,

നരച്ചനിലങ്ങളിൽ പതിച്ച യാന്ത്രി-

കതയുടെ

ചുവടുവയ്പ്പിന് താളം പകർന്നൊരു

പുത്തൻ കാശിൻ മണികിലുക്കങ്ങൾ

ഉയരുന്നുണ്ടുള്ളിലെപ്പോഴും മുൾപ്പടർ-

പ്പിൽ

കുരുങ്ങിപ്പിടഞ്ഞൊരു 'അമ്മേ'

വിലാപം

വീണ്ട മയങ്ങാനൊരു മടിത്തട്ടും

കിനാവ് കണ്ട് .

# സൂര്യൻ തൻ വരവ്

ഷാനിബ .പി.പി IX

കറുത്ത മേഘങ്ങൾക്കിടയിലൂടെ
അതാ ഉതിർന്നു വരുന്നു
വെള്ളിനൂലുകൾ
മേഘങ്ങൾ കൂട്ടിയിടിക്കുന്ന
ശബ്ദം എൻ കാതുക്കളിൽ
ഞാൻ ശ്രവിക്കവെ,
ഉയർന്നു വരുന്നതാ ബാലാർക്കൻ
സൂര്യൻ തൻ കിരണങ്ങളും
ഇളം കാറ്റും എന്നിൽ
കുളിരുണർത്തവെ എൻ
കണ്ണുകളിൽ പതിയുകയായി
പുൽമേടുകൾക്ക് മുകളിലായി
ഉയർന്നു നിൽക്കുന്ന വജ്രകണങ്ങൾ
പോലെയുള്ള മഞ്ഞുത്തുള്ളികൾ.......

# എന്റെ പ്രകൃതി

ഷിബില ഷെറിൻ. IX

ആ എന്തൊരു മഴ , കോരി ചൊരിയുന്ന മഴ. പക്ഷെ ആ മഴക്കുണ്ട് അതിന്റേതായ ഒരു സുന്ദരഭാവം. അത് ഞാൻ ഇപ്പോൾ ആസ്വദിക്കുകയാണ്. ഇത് ഒരു മഴക്കാ-ലമാണ് .കറുത്ത മേഘങ്ങളുടെ ഇടയിൽ-നിന്ന് ഒരു വെള്ളിനൂൽ വരുമ്പോൾ അ-ത് കണ്ണിന് കാണാൻ എന്ത് തെളിമയാ-ണെന്നറിയാമോ? ആ മഴ കഴിഞ്ഞാൽ പിന്നെ പുൽമേടുകൾക്ക് മുകളിലായി വജ്രകണങ്ങൾ പോലെ വെട്ടിത്തിളങ്ങു-ന്ന മഴത്തുള്ളികൾ  അല്ലെങ്കിൽ രാവിലെ കാണുന്ന മഞ്ഞുകണിക കണ്ണഞ്ചിപോവു-

കയാണ്. കാരണം, അതിന്റെ പ്രകാശം കണ്ണിൽ പതിക്കുമ്പോൾ എന്റെ കണ്ണുക-ളിൽ നിന്ന് മിന്നിമായുന്നു. പിന്നെ, എന്നെ തലോടിയുള്ള ആ മൃദുലമായ ഇളം കാറ്റ്എന്നെ എവിടെക്കോ വിളിച്ചു കൊണ്ടു പോകുന്നതു പോലെ ഒരു തോന്നൽ.ആ കാറ്റിൽ എന്റെ മനസിലെ സങ്കടങ്ങൾ തണുത്ത് പോവുന്നു.എന്റെ ഹൃദയത്തിനും മനസിനും കുളിരേകുന്നു. പ്രകൃതിയെ നാം സ്നേഹിക്കുമ്പോൾ അത് നമ്മെയും തിരിച്ചു സ്നേഹിക്കും. അതിനാൽ നാം പ്രകൃതിയെ സ്നേഹി-ക്കുക.

# കാലംകത്തിയെരിയുമ്പോൾ

ലഷിത ഷാജി
സ്കൂൾ കൗൺസിലർ

കാലചക്രത്തിൻ കരിമ്പടക്കെട്ടിൽ
നിന്നൂർന്നത് യാത്രാമൊഴി
ചുടുകാട്ടിൽ ചന്ദ്രനിലാവ്
കൊഴിഞ്ഞ ജീവിതങ്ങളെനോക്കി
കണ്ണീർ പൊഴിച്ചു .
അപ്പോഴും,എരിയുന്നു ഭൂമി
ഒരിറ്റു ദാഹജലത്തിനായ്
ചിതലരിച്ച ഹൃദയത്തിന്
ജീവൻ മാത്രം കാവൽ
വിതച്ച പാടത്തിൽ
വിത്തുകൾക്കുള്ളിൽ

അണലുകൾ പൊട്ടിയില്ല .

വെന്തുരുകുന്ന മണ്ണിന്റെ

കരിഞ്ഞുണങ്ങുന്ന ഹരിതത്തിന്റെ

പാതി ജീവനറ്റിരിക്കുന്നു .

പാപികൾ തീർക്കുന്ന പാപങ്ങൾ

കാറ്റിൽപ്പറക്കുന്ന നീതി,നിയമങ്ങൾ..

പെറ്റ വയറിന്റെ നോവിന്

ബാല പീഡനങ്ങൾ മാത്രം സാക്ഷി.

ചേതനയന കാമഭ്രാന്തിൻ ശേഷിപ്പുകൾ

നിത്യശാന്തിയ്ക്കായലയുന്നു വൃഥാ

അംബര ചുംബികളിനി വേണ്ടാ

പാടില്ലൊരു കലഹാണ്ടി ഗ്രാമവും.


ഇനി വയ്യ എനിയ്ക്ക് താങ്ങുവാൻ

ഇത് ഭൂമിയുടെ ദീനരോദനം

ഇനി,

സകല പാപികളെയും
യാഗശാലയോടൊപ്പം
അഗ്നിയ്ക്ക് സമർപ്പിക്കേണം
നീരിന്നു വേണ്ടി
ഒരു അതിരാത്രം കൂടി.
പിന്നെ ,
പുതുമഴയിൽ നനഞ്ഞ മണ്ണിന്റെ
മണം വലിച്ചെ സിരകളിലെത്തി-
ത്തിക്കേണം,
ഇടിയും മിന്നലും ഒപ്പമുണ്ടാം
ആവോളം കുടിയ്ക്കണം ഭൂമിക്ക്
കുളിച്ചൊന്ന് ശുദ്ധിയാക്കണം
സകല ചരാചരങ്ങൾക്കും !

# സ്മൃതിപഥങ്ങളിലൂടെ....



ഗവ:സംസ്കൃതം ഹയർ സെക്കണ്ടറി സ്ക്കുളിന്റെ കിരീടത്തിൽ ഒരു പൊൻത്തൂവൽ കൂടി................

SSLC 100% വിജയം കരസ്ഥമാക്കിയ 2017-18 ബാച്ച്............



# 2017-18 അദ്ധ്യായനവർഷത്തിലെ വിജയികളെ അനുമോദിക്കുന്നു............



# ലിറ്റിൽ കൈറ്റ്സ് ബോർഡ് അനാച്ഛാദന ചടങ്ങ്......................



# സ്ക്രൂളിന്റെ അഭിമാനമായ ലിറ്റിൽ കൈറ്റ്സ് ടീം...........



മാസ്റ്റർപ്ലാൻ പ്രകാരം പണിതു കൊണ്ടിരിക്കുന്ന പുതിയ സ്ക്കൂൾ കെട്ടിടം........................................

